# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -157 07.03.2017 ൽ മറുപടിയ്ക്ക്

## സദാചാര പോലീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സദാചാര പോലീസ് എന്ന അപരനാമത്തിലറിയപ്പെടുന്ന ഗുണ്ടാ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) ഇത്തരം ജനവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന മത സൗഹാർദ്ദ അന്തരീക്ഷം അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോ എന്ന് പരിശോധിക്കുമോ;<br><br>(സി) വിദ്യാർത്ഥികൾക്കിടയിൽപ്പോലും ഈ പ്രവണത കടന്നു കൂടിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നടപടി ഉണ്ടാവുമോ? | (എ) യും (ബി) യും (സി) യും | സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും വച്ച് ചില അക്രമപ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അത്തരം ഘട്ടങ്ങളിലെല്ലാം പോലീസ് നീതിപൂർവ്വമായ അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ സാധാരണ നടക്കാൻ സാധ്യതയുള്ള പൊതു സ്ഥലങ്ങളിൽ ഇത് തടയുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പരാതിക്കാർക്ക് ആവശ്യമായ പരിരക്ഷ നല്കുന്നതിനും നീതി ഉറപ്പാക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.<br><br>അതോടൊപ്പം തന്നെ, ചെറുപ്പക്കാർക്കിടയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ നിന്ന് ഒഴിവാക്കുവാൻ സർക്കാർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.